
little
KITEs
GHS KOLATHUR
ഇ മാഗസിൻ
2019-2020

## ഉള്ളടക്കം

മൗനിയായ പെൺകൊടി....4
കവിത....4
പെയ്തൊഴിയാത്ത മഴ ബാക്കിവച്ച അവശിഷ്ടം....7
കഥ....7
സ്നേഹത്തിൻ മതിലിനെ അന്യമാക്കി....8
കവിത....8
വന്ദന .പി....9
കുറത്തിമല....10
കഥ....10
മിഥുന....11
നീലാകാശം....12
കവിത....12
മൗനം....13
കവിത....13
എന്തിനു വന്നു നീ ?....14
കവിത....14
എന്റെ വിദ്യാലയം....16
കവിത....18

# മൗനം

**കവിത**

നിൻ ചുണ്ടുകളിൽ നിന്നുതിരുകയും

എൻ നെഞ്ച് തുളച്ചു കയറുകയും-

ചെയ്യുമാ നൊമ്പര വാക്കുകളെക്കാളസ്സഹനീയ-

മാണുനിൻ താഴിട്ടു പൂട്ടിയ ചുണ്ടിൻ മൗനം.

അലയിട്ടടിക്കും തിരമാലകൾ പോലെ

നിൻ മൗനമെന്നെ പാഴ്ജന്മമാക്കിയോ?

നിൻ മൗനത്തിൻ ചൂണ്ടുവിരൽ എന്നിലോക്കാണെങ്കിൽ

ഏറ്റുവാങ്ങുന്നു ഞാൻ സുവർമ്രത്യു.

**വന്ദന പി**

# മൗനിയായ പെൺകൊടി

**കവിത**

അമ്മതൻ നെഞ്ചിൽ വളർന്നതീപൊന്നുമോൾ

കളിയും,ചിരിയും കുസൃതിയുമാണിവൾ

എന്നും ചിലച്ചും,കരഞ്ഞും നടന്നവൾ

എൻഓമനമുത്തായ് വളർന്നിതെൻപെൺകൊടി

ഇന്നിതെന്തേ ഇവൾ മൗനമായ് നിൽക്കുന്നു

ദു:ഖത്തിലായ് പോയതെന്തേ ഈ പെൺകൊടി

ശാഠ്യം പിടിച്ചും കളിച്ചും ചിരിച്ചവൾ

എന്തിനേയിങ്ങനെ നാടിതളർന്നുപോയ്

കളിയും,ചിരിയും,കുസൃതിയും മാഞ്ഞല്ലോ

യൗവനമായതോ,മനസാകെ മാറിയോ

അമ്മതൻ നെഞ്ചിലെ ഓമനപൈതലാം

ഈ പൊന്നുമോളിതെങ്ങുപോയി

ആ പൊന്നുമോളെന്തേ മൗനിയായി മാറി

ഏകാഗ്രിയായതെന്തേയവൾ പൊന്നുമോളിപ്പോഴും

അമ്മതൻ നെഞ്ചിലെ പൊന്നുമോളിപ്പോഴും

അമ്മതൻ നെഞ്ചിൽ ഇളംകുരുന്നാണവൾ

എന്തിനിവൾ ആകെ മൗനിയായ്മാറി

അമ്മയിൽ നിന്നും അകന്നതെന്തേയിവൾ

മൗനിയായ് ,മാറിയ എൻ പെൺകൊടി

അമ്മതൻ നെഞ്ചിൽ ചേർന്നുമയങ്ങാൻ

എന്നും വരും എന്റെ പൊന്നുമകൾ

# പെയ്തൊഴിയാത്ത മഴ ബാക്കിവച്ച അവശിഷ്ടം

**കഥ**

അന്ന് പെയ്തൊഴിയാതെ പെയ്യുകയായിരുന്നു മഴ.തോമസും ജേക്കപ്പും വീടിന്റെ ഉമ്മറത്തിരുന്ന് മഴയുടെ താളം ശ്രവിക്കുകയായിരുന്നു.ഒപ്പം ഇന്നത്തെ മഴയുടെ അവസ്ഥ എന്ന വിഷയം ഉൾപ്പെടുത്തി സംസാരവും എന്തൊരു തോരാത്ത മഴ.ജേക്കപ്പ് ചൂടു കട്ടൻ ചായ ഊതി കുടിക്കുന്ന വേളയിൽ പറഞ്ഞു.തോമസിന് ഒരു ചെറിയ വേവലാതിയുണ്ട്,ഉള്ളിൽ ഒതുക്കിവയ്ക്കുന്നതു പോലെ,മഴയുടെ ശക്തി പതിൽമടങ്ങ് ചെയ്യാൻ തുടങ്ങി.ഇക്കൊല്ലം പ്രളയം വീണ്ടും വഴിതെറ്റി വരുമോ?.ഈ മലമുകളിൽ നിൽക്കുന്നത് അപകടമാണെന്ന് മൗനം വെടിഞ്ഞ് തോമസ് ചോദിച്ചു.ഏയ് കഴിഞ്ഞകൊല്ലം മഹാപ്രളയംപൂഞ്ചെണ്ട് എവിടെന്നാ വാങ്ങിയത് എന്ന് ഷാജിയോട് ചോദിച്ചു.ഷാജി അഭിമാനത്തോടെ പൂച്ചെണ്ട് ഞാനുണ്ടാക്കിയതാണെന്ന് പറഞ്ഞു.എല്ലാവരും

അന്ന് പെയ്തൊഴിയാതെ പെയ്യുകയായിരുന്നു മഴ.തോമസും ജേക്കപ്പും വീടിന്റെ ഉമ്മറത്തിരുന്ന് മഴയുടെ താളം ശ്രവിക്കുകയായിരുന്നു.ഒപ്പം ഇന്നത്തെ മഴയുടെ അവസ്ഥ എന്ന വിഷയം ഉൾപ്പെടുത്തി സംസാരവും എന്തൊരു തോരാത്ത മഴ.ജേക്കപ്പ് ചൂടു കട്ടൻ ചായ ഊതി കുടിക്കുന്ന വേളയിൽ പറഞ്ഞു.തോമസിന് ഒരു ചെറിയ വേവലാതിയുണ്ട്,ഉള്ളിൽ ഒതുക്കിവയ്ക്കുന്നതു പോലെ,മഴയുടെ ശക്തി പതിൽമടങ്ങ് ചെയ്യാൻ തുടങ്ങി.ഇക്കൊല്ലം പ്രളയം വീണ്ടും വഴിതെറ്റി വരുമോ?.ഈ മലമുകളിൽ നിൽക്കുന്നത് അപകടമാണെന്ന് മൗനം വെടിഞ്ഞ് തോമസ് ചോദിച്ചു.ഏയ് കഴിഞ്ഞകൊല്ലം മഹാപ്രളയംപൂജ്യെണ്ട് എവിടെന്നാ വാങ്ങിയത് എന്ന് ഷാജിയോട് ചോദിച്ചു.ഷാജി അഭിമാനത്തോടെ പൂജ്യെണ്ട് ഞാനുണ്ടാക്കിയതാണെന്ന് പറഞ്ഞു.എല്ലാവരും

# സ്നേഹത്തിൻ മതിലിനെ അന്യമാക്കി

**കവിത**

പിറന്നുവീഴുന്ന ഭൂമിയിൽ ദൈവത്തിൽ മക്കളായി

പിച്ചവയ്ക്കുന്നു മണ്ണിൻ മനസിലും

തലവച്ചുറങ്ങുന്നു അമ്മതൻ മടിയിലും

ഓടിക്കളിക്കുന്നു വിണ്ണിൻ തണലിലും

കാലചക്രങ്ങൾ മുന്നോട്ടു നീങ്ങിടുമാ നല്ല

സന്തോഷ രാവുകളുമായി....

നിഷ്കളങ്കത നിഴലിച്ചു പായുമോ

കുഞ്ഞുമനസ്സുകൾ പറന്നുകളിക്കവേ

കാലത്തിൻ ഇരുണ്ട കൈകളാ കൊച്ചു മനസ്സിലെ

ത്തണലാകും വൃക്ഷത്തെ വേരോടറുത്തിടും..

ഭൂമിയിൽ ഇടം തന്നൊരാ ജനനിതൻ

കഴുത്തു നെരിക്കവേ..ദൈവം ഉതിർക്കുന്ന തൻ

കണ്ണീരാ മഴത്തുള്ളി തൻ രൂപത്തിൽ...

തൻ മക്കൾക്ക് ചോറു വാരിക്കൊടുത്തൊരാ

അമ്മതൻ കൈകളെ തിരിച്ചടിച്ച്

മക്കൾ തൻ ഇരു കൈകൾക്കുമിടയിൽ

പിടയുമാ അമ്മ ഈ നിമിഷമോതുന്നു

ഇതെന്റെ മക്കൾ....

**വന്ദന .പി**

# കുറത്തിമല

**കഥ**

അന്ന് മിഥുനയുടെ പിറന്നാളായിരുന്നു.അവൾ കൂട്ടുകാരെ

പിറന്നാളാഘോഷിക്കാൻ ക്ഷണിച്ചിരുന്നു.വിനേഷും

ഷാജിയും സോനയും അവിടെ എത്തിയിരുന്നു.അവൾ അനീഷിനേയും

നന്ദനയേയും അഭിയേയും കാത്തുനിന്നു.

അധികം വൈകാതെ നന്ദന എത്തി.പിന്നെ അനീഷും എത്തി.അവർ ഐവർ

സംഘം കളിക്കുന്നതിനിടെ

അഭിയും വന്നു.അഭിയുടെ കൂടെ അവന്റെ കൊച്ചനിയനും വന്നിരുന്നു.പിറന്നാൾ

ആഘോഷിക്കുന്നതിനിടയിൽ

കേക്കുമുറിക്കുന്ന വിവരം അഭി അവന്റെ അനുജൻ മനുവിനോട് പറ

ഞ്ഞിരുന്നു.കളിക്കുന്നതിനിടെ മനുവാണ്

കേക്ക് മുറിക്കാൻ ഓർമ്മിപ്പിച്ചത്.എല്ലാവരും മിഥുനയുടെ നിർദ്ദേശപ്രകാരം കേക്ക്

മുറിക്കാൻ പോയി.മിഥുന

അവളുടെ അച്ഛൻ നൽകിയ സമ്മാന പൊതി തുറക്കാതെ വച്ചിരുന്നു.അത് കണ്ടയുടൻ ആകാംഷയോടെ മനു

ചോദിച്ചു എപ്പോഴാ ആ സമ്മാനപൊതി തുറക്കുന്നെ?.അവന്റെ ധൃതി കണ്ട അമ്മ മനുവിന്റെ തലയിൽ ഒരു തട്ട്

വച്ചുകൊടുത്തു.അവൻ തല തടവി.അവൻ കുറച്ച് നേരം ആരോടും മിണ്ടാതെ മൂലയ്ക്കിരുന്നു.പിന്നെ അവന്റ കൈ

പിടിച്ച് കൊണ്ടുന്ന് കേക്കിന്റെ കഷണം അവന് കൊടുത്തു.പിന്നെ അച്ഛൻ തന്ന സമ്മാന പൊതി മിഥുന

ആകാംശയേടെ തുറന്നു.അപ്പോൾ അതിൽ മിഥുനയ്ക്കിഷ്ടപ്പെട്ട ഒരു കരടി പാവയായിരുന്നു.അവൾ സന്തോഷത്തോടെ പാവയെ ചേർത്തു പിടിച്ചു.പിന്നെ ഷാജി മിഥുനയുക്ക് ഒരു പുഞ്ചെണ്ടു കൊടുത്തു.

**മിഥുന**

# നീലാകാശം

**കവിത**

മേഘങ്ങളാൽ സമൃദ്ധി

നേടുമീ ജാലമായ്

മായാജാലമായ്

ഇരുളിനന്തരമിൽ

ചെറുവിളളലായ്

സൂര്യനെകാക്കുമീവാനം

പലനിറങ്ങളാൽ

കാണുമീവാനം

പുഴപോൽ ഒഴുകുന്നു

അതിരുകളില്ലാതെ

# മൗനം

**കവിത**

നിൻ ചുണ്ടുകളിൽ നിന്നതിരുകയും

എൻ നെഞ്ച് തുച്ചു കയറുകയും-

ചെയ്യുമാ നൊമ്പര വാക്കുകളെക്കാളസ്സഹനീയ-

മാണുനിൻ താഴിട്ടു പൂട്ടിയ ചുണ്ടിൻ മൗനം.

അലയിട്ടടിക്കും തിരമാലകൾ പോലെ

നിൻ മൗനമെന്നെ പാഴ്ജന്മമാക്കിയോ?

നിൻ മൗനത്തിൻ ചൂണ്ടുവിരൽ എന്നിലോക്കാണെങ്കിൽ

ഏറ്റുവാങ്ങുന്നു ഞാൻ സുവർമൃത്യു.

**വന്ദന പി**

# എന്തിനു വന്നു നീ ?

**കവിത**

മാനവജീവനു ഭീഷണിയായി നീ

മാനവർക്കെല്ലാമത്ഭുതമായി നീ

കാറ്റായി മഴയായി

ഇടിമിന്നലായി നീ

ഓരോ ജീവനും

കൊണ്ടങ്ങുപോയി

കാട്ടാനക്കൂട്ടം പോൽ

ചിന്നിച്ചിതറിയോടുന്ന

മർത്യന്നുമറിയാം

ഓരോ നെൽക്കതിരിനും

കുഞ്ഞാമ്പലിനുമറിയാം

എന്തിനു വന്നു നീ

മനുഷ്യനെന്ന വർഗത്തിനുമറിയാം

എന്നാലും നിർത്തുന്നതല്ലയീ

ദുഷ്പ്രവർത്തികൾ

നാം വസിക്കുമീ

നാട്ടിലെ മരങ്ങളും

വയലുകളും കുഞ്ഞോളങ്ങളും

കാൺമതില്ലിപ്പോൾ

പണത്തിനുവേണ്ടി

സ്വന്തം മാതൃബിംബത്തെപ്പോലും,വിൽക്കുമീ

മാനവർക്കു നൽകുമീ

പ്രകൃതിശിക്ഷയാണീ പ്രളയം

**അഞ്ജന**

# എന്റെ വിദ്യാലയം

കവിത

അകലെയാണെന്റെ വിദ്യാലയം

ആദ്യാക്ഷരം കുറിച്ചാത്മാലയം

തിരുമുറ്റത്തെമലർവാടിയും പൂമ്പാറ്റകളും

തുമ്പിയും കഥപറഞ്ഞോരു

സുപർണ്ണനിമിഷങ്ങൾ

ഓർമ്മയിൽ ഓടിയെത്തുന്ന ഗുരുനാഥന്മാർ

ഓമനിച്ചോരു പുസ്തകത്താളിലെ

വർണാഭമാം മയിൽപ്പീലിയും

ഗുരുകരങ്ങളും പിടിച്ച് കളിച്ചുതിമിർത്തോ

തിണക്കമുള്ള ചങ്ങാതിമാരും

മധുരമായി നിണഞ്ഞ അക്ഷരങ്ങൾ കോർത്ത്

മനസ്സിൽ നിന്ന് ഉതിർന്ന കാവ്യങ്ങളും

ഉല്ലസിച്ചു പഠിച്ചു മടുത്തു മടങ്ങവേ

ഉമ്മറത്തിണ്ണയിൽ കാത്തിരുന്നുയെന്നമ്മ.

വാരിയെടുത്തിട്ടുമ്മതന്നിട്ടെന്നോടോതി

വാടാതെ വാഴുക എന്നോമനേ.....

**കൃഷ്ണപ്രിയ**